**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3147** **26-06-2024 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി വടക്കുംകൂർ ബൈപ്പാസ് അലൈൻമെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ചിഫ് എഞ്ചിനീയർ നിരത്ത് വിഭാഗം ഭരണാനുമതി നൽകിയിട്ടുള്ളതും ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമായ വടക്കുംകൂർ ബൈപ്പാസിന്റെ പുതിയ അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള പ്രവൃത്തിക്ക് എഗ്രിമെന്റ് വച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | വടക്കുംകൂർ ബൈപ്പാസിന്റെ പുതിയ അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള എഗ്രിമെന്റ് വച്ചിട്ടുള്ളതും പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; അലൈൻമെന്റ് പുതുക്കി ഉത്തരവിറക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി എസ്റ്റിമേറ്റ് നൽകുകയും ആയതിന് ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കടുത്തുരുത്തി വടക്കുംകൂർ ബൈപ്പാസിന് 2009-ൽ ഭരണാനുമതി നൽകിയ ശേഷം നിരവധി തവണ ഷെഡ്യൂൾ നിരക്ക് വ്യത്യാസം വരുകയും സ്ഥലത്തിന്റെ വിലയിൽ ഗണ്യമായ മാറ്റം ഉണ്ടാവുകയും ചെയ്തിട്ടുള്ളതിനാൽ അത് കൂടി കണക്കിലെടുത്ത് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | പുതുക്കിയ അലൈൻമെന്റ് അംഗീകരിച്ച്, പദ്ധതി നടപ്പിലാക്കുന്നതിനുള്ള, സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്. |
| (ഡി) | പുതിയ അലൈൻമെന്റ് പ്രകാരം കടുത്തുരുത്തി വടക്കുംകൂർ ബൈപ്പാസ് പദ്ധതി കടുത്തുരുത്തി ടൗൺ കണക്റ്റിംഗ് റോഡ് വികസന പദ്ധതി എന്ന് പേര് മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | പിറവം കടുത്തുരുത്തി റോഡിൽ അലരി ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് കടുത്തുരുത്തി ടൗൺ ഒഴിവാക്കി ഏറ്റുമാനൂർ എറണാകുളം റോഡിൽ മുട്ടുചിറ ജംഗ്ഷനോട് ചേർന്ന് വരുന്ന രീതിയിലായിരുന്നു വടക്കുംകൂർ ബൈപ്പാസ് വിഭാവനം ചെയ്തിരുന്നത്. നിലവിൽ കടുത്തുരുത്തി ടൗൺ കണക്റ്റിംഗ് റോഡ് വികസന പദ്ധതി എന്ന രീതിയിൽ പേര് മാറ്റണമെന്ന് ബഹു. കടുത്തുരുത്തി എം.എൽ.എ CMT meeting ൽ നിർദ്ദേശിക്കുകയും പ്രാദേശിക തലത്തിൽ ബഹു. എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് |

| | | | |
|---|---|---|---|
| | | | കൂട്ടുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. ആയതിന് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | നിർദ്ദിഷ്ട കടുത്തുരുത്തി വടക്കംകൂർ ബൈപ്പാസിന്റെ അലൈൻമെന്റ് പുതുക്കി ഉത്തരവിറക്കുന്നത് സംബന്ധിച്ച് 05.09.2023 ൽ ചീഫ് എഞ്ചിനീയർക്ക് നൽകിയിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഇ) | പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന് ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി അംഗീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ